6. കെൽട്രോൺ, തിരുവനന്തപുരം.

7. ബി.പി.എൽ. ടെലികോം പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് എന്നീ ഏഴ് സ്ഥാപനങ്ങളാണ് ക്വട്ടേഷൻ നൽകിയിരുന്നത്.

(ഡി) നൽകുകയുണ്ടായി.

(ഇ) ടെണ്ടർ നോട്ടീസ്പ്രകാരം ഓരോ കമ്പനിയും ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിവ പ്രത്യേകം സമർപ്പിക്കണമെന്നും സാങ്കേതിക മികവും പ്രവർത്തനപരിചയവും സാമ്പത്തികഭദ്രതയുമുള്ള കമ്പനികളെ മാത്രമേ ദർഘാസിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളു എന്നും നിഷ്കർഷിച്ചിരുന്നു. ടെക്നിക്കൽ ബിഡ് പരിശോധിക്കുന്നതിന് 5 അംഗങ്ങളുള്ള ഒരു വിദഗ്ദ്ധസമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത വിദഗ്ദ്ധസമിതിയുടെ വിലയിരുത്തലിൽ ദർഘാസിൽ നിഷ്കർഷിച്ചിരുന്ന നിബന്ധനകൾക്ക് അനുസൃതമായിട്ടല്ല കെൽട്രോൺ ടെണ്ടർ സമർപ്പിച്ചത് എന്ന് കണ്ടെത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കെൽട്രോണിന്റെ ടെണ്ടർ നിരസിച്ചിട്ടുള്ളത്. മൊത്തം 7 കമ്പനികളിൽനിന്നും ലഭിച്ചിട്ടുള്ള ടെണ്ടറുകളിൽ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്, കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ടെണ്ടറുകളാണ് വിദഗ്ദ്ധസമിതി കാലിഫൈഡായി കണ്ടെത്തിയിട്ടുള്ളത്. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് കാട്ട് ചെയ്തിട്ടുള്ള ഇന്ത്യാ ഗവൺമെന്റിന്റെ സ്ഥാപനമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡിനെ തിരഞ്ഞെടുക്കുകയുണ്ടായി.

വ്യാജ ഡ്രൈവിംഗ് ലൈസൻസ്

92 [556] *ശ്രീ. ജോർജ് ജെ. മാത്യു:*

„ *കെ. മോഹൻ കുമാർ:*

„ *എ. കെ. മണി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ഡ്രൈവിംഗ് ലൈസൻസ് നൽകപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് വ്യാജ ഡ്രൈവിംഗ് ലൈസൻസ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തൊട്ടാകെ എത്ര വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ കൊടുത്തിട്ടുണ്ട്;

(ഡി) വ്യാജ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നവർ ആരെന്ന് കണ്ടെത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരത്ത് വ്യാജ ലൈസൻസ് പോലീസ് പിടിച്ചെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) പോലീസ് ഇതേപ്പറ്റി അന്വേഷണം നടത്തിവരികയാണ്.

പെർമിറ്റ് ഇല്ലാത്ത ബസ് സർവ്വീസ്

93 [557] *ശ്രീ. വി. ജെ. പൗലോസ്:*

" *എ. സുജനപാൽ:*

" *ലൂഡി ലൂയിസ്:*

" *ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെർമിറ്റ് ഇല്ലാതെയോ വ്യാജ പെർമിറ്റുകളുപയോഗിച്ചോ റഗുലർ സർവ്വീസ് നടത്തുന്ന ബസ്സുകളുണ്ടോ;

(ബി) ഇപ്രകാരമുള്ള ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(സി) ഇക്കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര ബസ്സുകൾ പിടിച്ചെടുത്തിട്ടുണ്ട്?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) മോട്ടോർ വാഹന വകുപ്പിനും പോലീസ് ഡിപ്പാർട്ടുമെന്റിനും അധികാരമുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ശബരിമലപാതയിൽ വാഹനങ്ങളിൽ മഞ്ഞ ലൈറ്റ് ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിരോധനം

94 [558] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ മഞ്ഞ ലൈറ്റ് ഉപയോഗിക്കുന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly